/73903/2022

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1870/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ് - **'സഹായഹസ്തം'** – സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതി – 2022-23 -അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - -സംബന്ധിച്ച്:-

സൂചന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 25/06/2022 ലെ ഇതേ നം. പരിപത്രം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന **'സഹായഹസ്തം'** എന്ന പദ്ധതിയിലേയ്ക്ക് 2022-23 സാമ്പത്തിക വർഷം സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ച സാഹചര്യത്തിലും ചില ജില്ലകളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നു. ഒരു വർഷം ഒരു ജില്ലയിലെ പത്ത് ഗുണഭോക്താക്കൾക്ക് മാത്രം ധനസഹായം അനുവദിച്ച് വരുന്ന 'സഹായഹസ്തം' പദ്ധതി പ്രകാരം പത്തിൽ താഴെ മാത്രം അപേക്ഷകൾ ലഭിച്ചിട്ടുള്ള **പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകൾക്ക്** മാത്രമായി 'സഹായഹസ്തം' പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി *31/01/2023* വരെ ദീർഘിപ്പിക്കുന്നു. ജില്ലകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ *10/02/2023 തീയതിയ്ക്കുള്ളിൽ* അലോട്ട്മെന്റിനായി ഡയരക്ടറേറ്റിൽ ശുപാർശ സമർപ്പിക്കേണ്ടതാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നതിനാൽ പത്ര -ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും, അങ്കണവാടി പ്രവർത്തകർ വഴിയും പദ്ധതിയെപ്പറ്റി ജനങ്ങൾക്കിടയിൽ ശക്തമായ പ്രചാരണം നടത്തേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫിസർമാർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവരുടെ അനാസ്ഥയാൽ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമാകാതെ വന്നാൽ ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ /ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

വിശ്വസ്തതയോടെ,
വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 30-12-2022 00:25:59